**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 840** **06-10-2021 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാൻ നിർദേശിച്ച പദ്ധതികളിൽ ഇതുവരെ ഭരണാനുമതി നൽകിയിട്ടുള്ളവ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | 2016-17 മുതൽ 2020-21 വരെ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ആകെ 392 കോളനികളിലെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളതിൽ 145 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം 09.09.2021 ൽ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നൽകിയിട്ടുണ്ട്. |
| (ബി) | അംബേദ്കർ സ്വാശ്രയം ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുന്ന പദ്ധതികൾക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള അക്രഡിറ്റഡ് ഏജൻസികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | 1. ജില്ലാ നിർമ്മിതി കേന്ദ്രം 2. സംസ്ഥാന നിർമ്മിതി കേന്ദ്രം 3. കേരള ഇലക്ട്രിക് അലൈഡ്എഞ്ചിനീയറിംഗ് ലിമിറ്റഡ് 4. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് 5. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് 6. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് 7. സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ 8. കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ 9. കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് 10. കിറ്റ്കോ ലിമിറ്റഡ് |
| (സി) | സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാത്ത അക്രഡിറ്റഡ് ഏജൻസികളുടെ അംഗീകാരം റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) | സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 09.09.2021 ൽ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ നിർവ്വഹണ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുശേഷവും നിർവ്വഹണ ഏജൻസികളുടെ പ്രവർത്തനം തൃപ്തികരമല്ലായെന്ന് റിപ്പോർട്ട് ചെയ്യുന്ന പക്ഷം ആയത് പരിശോധിച്ച് പ്രസ്തുത ഏജൻസിയെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതാണ്. നിലവിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന്റെ പ്രവർത്തനം തൃപ്തികരമല്ലായെന്ന് വകുപ്പ് ഡയറക്ടർ |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ചെയ്യതിൻ പ്രകാരം ആയതിന്മേൽ സി2/399/2020/പജപവവിവ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ